(സി) ഈ സംരക്ഷണപദ്ധതി ഗവണ്മെണ്ടിൽനിന്നു് നേരിട്ടു നടത്തുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ൨, ൬൫, ൦൦൦ ക. വേണ്ടിവരും.

(ബി) ഒരു ചിറയും കടലിന്നടിയിൽ പോയിട്ടില്ല. ചിലതെല്ലാം തിരകളടിച്ചു കേടുവന്നിട്ടുണ്ടു്.

(സി) സാധിക്കാഞ്ഞിട്ടല്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: എത്ര കാലമായി കടലാക്രമണത്തെ തടയുന്നതിനുള്ള ഏർപ്പാടുകൾ തുടങ്ങിയിട്ടു്?

മിസ്റ്റർ കെ. അയ്യപ്പൻ: മൂന്നു നാലു് കൊല്ലമായിട്ടുണ്ടു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ അടുത്ത കാലങ്ങളായിട്ടു് ചെല്ലാനം, മറവക്കാടു്, കണ്ടക്കടവു്, അണ്ടിക്കടവു്, ചെറിയ കടവു് മുതലായ ഭാഗങ്ങളിൽ, കര കടലെടുത്തുപോകുന്നതായിട്ടു് അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ചില സ്ഥലങ്ങളിൽ കൽച്ചിറയിട്ടു് ഉറപ്പിക്കുവാൻ ആറും, എഴും കൊല്ലം വേണ്ടിവരും. പിന്നെ കടൽ എടുത്തു പോകുന്ന എന്നു വിചാരിച്ചു് അതെല്ലാം തടയുവാൻ ഗവണ്മെണ്ടിനു നിവർത്തിയില്ല.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ആദ്യകാലത്തു് കെട്ടിയ ചിറകളും ഇപ്പോൾ കടലിന്റെ അടിയിലാണെന്നതിനെപ്പറ്റി അറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെ ഗ്രോയിൻസ്സു്(Groynes)ഇട്ടിട്ടാണു് ചിറപിടിപ്പിച്ചിട്ടുള്ളതു്. അതു പോയിട്ടില്ലെന്നാണു് അറിവു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഇനി എത്ര മൈൽ ദൂരത്തേക്കു ചിറ കെട്ടുവാനുണ്ടു്?

മിസ്റ്റർ കെ. അയ്യപ്പൻ: ഒന്നു രണ്ടു മൈൽ ദൂരം മാത്രമേയുള്ളു.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവർമ്മെണ്ടിനു് ഇതു നേരിട്ടു നടത്തുവാൻ സാധിക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇങ്ങിനെയുള്ള വേലകളൊക്കെ മിക്കവാറും കൺട്രാക്ടു് കൊടുക്കുകയാണു് പതിവു്. ഗവണ്മെണ്ടിൽനിന്നു് നേരിട്ടു നടത്തുകയാണെങ്കിൽ ചിലപ്പോൾ ലാഭവും, ചിലപ്പോൾ നഷ്ടവും ഉണ്ടായേക്കാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവണ്മെണ്ടിൽ നിന്നു് നേരിട്ടു നടത്തുവാൻ സാധിക്കാത്തപക്ഷമല്ലാതെ കൺട്രാക്ടരെക്കൊണ്ടു് ഇത്തരം പണികളും ചെയ്യിക്കാതിരിക്കുവാനും കൺട്രാക്ടരെക്കൊണ്ടു് ചെയ്യിക്കേണ്ടിവന്നാൽ ആ വക പണികളും കൊണ്ടു് ശരിയായ ഉപയോഗമുണ്ടാകത്തക്കവണ്ണം പണി ചെയ്യിക്കുവാനും വേണ്ട നടപടികളും എടുക്കുവാൻ ഗവണ്മെണ്ടിനു് ഭയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അതു് ആലോചിക്കാം.

RECRUITMENT OF TEACHERS TO AIDED SCHOOLS—DETAILS REGARDING

209. (355) **Mr. A. K. Sankunny** *(Nominated)*: Will Government be pleased to state.—

(*a*) whether there is a rule to the effect that in the matter of recruitment of teachers to aided schools trained hands and permit holders should be preferred to untrained hands an those who do not possess a permit;

(*b*) whether the Government are aware of instances where the Managers of aided schools have appointed untrained hands when there were applications from trained hands and permit holders;

(*c*) whether such instances have been brought to the notice of the Government before; if so, what action has the Government taken to avoid such injustices?

Mr. C. A. Ouseph (*Minister for Education and Public Health*):

(*a*) Yes.

(*b*) A few such instances have come to the Government's notice.

(*c*) When complaints were received the Government have examined these cases. Without reference being made to concrete instances, it is not possible now to say what steps were taken.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ: ട്രെയിനിങ്ങ്പെർമിറ്റ്(Training Permit) ഇല്ലാത്ത ആളുകളെ അദ്ധ്യാപകന്മാരായി നിയമിച്ചിട്ടുണ്ട്. എന്നാൽ ട്രെയിനിങ്ങ് ഉള്ള ആളുകൾ അപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതു് അവർക്ക കൊടുക്കുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: ട്രെയിനിങ്ങ് ഉള്ള ആളുകൾ സമയത്തിന്നു് അപേക്ഷിച്ചിട്ടുണ്ടായിരിക്കയില്ല. അപ്പോൾ അപേക്ഷിച്ച ആളുകളെ നിയമിച്ചിട്ടുണ്ടാകാം.

മിസ്റ്റർ പി. കെ. ഡീവർ: ഇതിനെ സംബന്ധിച്ചുള്ള അഡ്വർടൈസ്സ്മെൻറിൽ (Advertisement) പല കൌശലങ്ങളും നടക്കുന്നുണ്ടെന്നുള്ളതു് ഗവൺമെണ്ടു് ആലോചിക്കുമോ? മാനേജർക്ക് ഇഷ്ടമുള്ള ആളുകളുടെ അപേക്ഷ വാങ്ങിവെച്ചിട്ടു് ഒന്നോ, രണ്ടോ ദിവസത്തെ അവധിവെച്ചു് Advertise ചെയ്യും. അതു് ചുരുങ്ങിയതു് രണ്ടാഴ്ച, സമയത്തിനു മുമ്പായിരിക്കണമെന്നുള്ള നിർദ്ദേശം കൊടുക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഗ്രാൻറ്സ്സുകളുടെ കാര്യത്തിൽ നിശ്ചിതകാലാവധി വെച്ചു് Advertise ചെയ്യുന്ന കാര്യം ഗവൺമെണ്ടു് ഏറ്റെടുക്കുകയാണെങ്കിൽ അതിന്നു് വലിയ ചിലവുവരും.

മിസ്റ്റർ പി. കെ. ഡീവർ: ഈ കാര്യം ഗവൺമെണ്ടു് ഏറ്റെടുത്തു നടത്തണമെന്നില്ല. അദ്ധ്യാപകന്മാരെ ആവശ്യപ്പെട്ടുകൊണ്ടുള്ള പരസ്യം പ്രസിദ്ധപ്പെടുത്തുന്നതു് രണ്ടാഴ്ചയെങ്കിലും മുമ്പായിരിക്കണമെന്നു് ഒരു നിർദ്ദേശം നൽകുവാൻ സാധിക്കുകയില്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു് നോക്കാം.

GRAIN PURCHASE PARVATHIAMS IN TALAPPALLI TALUK— PARTICULARS OF ALLOTMENT OF VILLAGES

210. (303) **Mr. K. I. Velayudhan** (*Pazhanji*): Will Government be pleased to state.—

(*a*) how many villages are usually put in the charge of each Grain Purchase Parvathiam;

(*b*) whether more than one village have been given to the charge of any G. P. Parvathiam in Talappilli Taluk.

(*c*) how many villages had been given to C. M. Thetchan, the late Parvathiam of Kattakambal village?

Mr. E. Ikkanda Warriar (*Prime Minister*):

(*a*) Usually one; but in a few cases up to three villages, constituting a Revenue Group are put in charge of one Grain Purchase Parvathiam.

(*b*) Yes.

(*c*) Besides the 2 villages, Pazhanji and Kattakampal falling under Kattakambal Group C. M. Thetchan was put in charge of grain purchase work in Kadavallur and Karikad villages also.

മിസ്റ്റർ കെ. ഐ. വേലായുധൻ: നെല്ലടുപ്പു പാവ്വത്യക്കാരനു, ഗ്രൂപ്പുകൾ തിരിച്ചു കൊടുക്കുന്നതു് ആരാണു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഗ്രെയിൻ (Grain) പർച്ചെയിസിങ്ങ് തഹശിൽദാരാണു് ഗ്രൂപ്പു് തിരിച്ചുകൊടുക്കുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഈ തഹശിൽദാർ ഈ പാവ്വത്യക്കാരനുമായിട്ടു് പല ഇടപാടുകളും നടക്കുന്നതായിട്ടു് രണ്ടോ മൂന്നോ പത്രങ്ങളിൽ ഉണ്ടായിരുന്ന റിപ്പോർട്ടു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ആ തഹസിൽദാരെ ഇപ്പോൾ സ്ഥലംമാറിയിട്ടുള്ളതായി അറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഉവ്വു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവിടെയുണ്ടായിരുന്ന പാവ്വത്യക്കാരനേയും സ്ഥലംമാറിയിട്ടുള്ളതായി അറിയാമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അറിയാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇയാളെ സ്ഥലം മാറിയതിനെതുടർന്നു് അവധി എടുക്കുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ലീവു് അനുവദിക്കുകയുണ്ടായിട്ടുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: മെഡിക്കൽ സർട്ടിഫിക്കിന്മേലുള്ള ലീവോ, അതോ സ്ഥലംമാറിയതുകൊണ്ടു് ലീവു് എടുത്തതോ?

LIBRARY ARCHIVES Kerala Legislative Assembly